6. പൈതൃകവും സംസ്കാരവും കാത്തുസൂക്ഷിക്കുവാൻ യുവജനങ്ങളെ സജ്ജരാക്കുക.

7. സാമൂഹിക തിന്മകൾക്കെതിരെ യുവജനങ്ങളുടെ ഐക്യനിര കെട്ടിപ്പടുക്കുക.

(സി) യുവജന നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി വിവിധ പുതിയ പദ്ധതികളോടൊപ്പം നിലവിലുള്ള പദ്ധതികളും കാലോചിതമായി പരിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. തൊഴിൽരഹിതർക്കുവേണ്ടി ജോബ് ഫെസ്റ്റുകൾ, യുവ സംരംഭകത്വ പരിശീലനങ്ങൾ എന്നിവയും ഭിന്നശേഷിയുള്ളവരുടെ ഉന്നമനത്തിനായി ബ്രെയിലി ലൈബ്രറി, കമ്പ്യൂട്ടർ വാങ്ങുന്നതിന് ധനസഹായം, പ്രകൃതി ദുരന്തത്തിനിരയാകുന്നവരെ സഹായിക്കാനായി ദുരന്ത നിവാരണ സേന, മദ്യം-മയക്കുമരുന്ന് തുടങ്ങിയ സാമൂഹ്യ വെല്ലുവിളികൾക്കെതിരെ യുവജാഗ്രതാ യാത്ര, യുവജനങ്ങളെ സാമൂഹ്യ സേവനത്തിന് സജ്ജമാക്കുന്നതിന് പുനർജനി, രക്തദാന സേന മുതലായ പരിപാടികൾ ബോർഡ് നടപ്പിലാക്കി വരുന്നു. കൂടാതെ വിവിധ യുവജന ക്ലബ്ബുകളെ പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ പരിപാടികൾക്കും പ്രോജക്ടുകൾക്കുമായി ധനസഹായം നൽകിവരുന്നു.

ഒറ്റൂർ ഗ്രാമപഞ്ചായത്തിലെ നീറുവിളയിൽ സ്റ്റേഡിയം

311 (659) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) SMILE (സ്മൈൽ) പദ്ധതിയിലുൾപ്പെടുത്തി ഒറ്റൂർ ഗ്രാമപഞ്ചായത്തിലെ നീറുവിളയിൽ സ്റ്റേഡിയം നിർമ്മിക്കുവാൻ സമർപ്പിച്ച പ്രൊപ്പോസലിന് അനുമതി ലഭ്യമാക്കാത്തതിന്റെ കാരണം വിശദമാക്കുമോ ;

(ബി) ഈ സാമ്പത്തികവർഷം പ്രസ്തുത ശിപാർശ അംഗീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഒറ്റൂർ ഗ്രാമപഞ്ചായത്തിലുൾപ്പെട്ട നീറുവിളയിൽ സ്മൈൽ പദ്ധതിയിൽ ഉൾപ്പെടുത്തി സ്റ്റേഡിയം നിർമ്മിക്കുവാൻ ലഭിച്ച അപേക്ഷ സ്റ്റേറ്റ് ലെവൽ കമ്മിറ്റിയിൽ സമർപ്പിച്ചിരുന്നുവെങ്കിലും ഫണ്ടിന്റെ അപര്യാപ്തതമൂലം പരിഗണിച്ചില്ല.

(ബി) ഈ സാമ്പത്തികവർഷം സ്മൈൽ പദ്ധതിക്കായി എല്ലാ മാനദണ്ഡങ്ങളോടും കൂടിയ അപേക്ഷ ഹാജരാക്കുന്നമുറയ്ക്ക് ഫണ്ട് ലഭ്യത പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly